മുദ്രകൾ

# ടാഡയും പോട്ടയും പുനർജനിക്കുന്നു


**'ടാഡ'ക്കും** 'പോട്ട'ക്കും സമാനമായ രണ്ട് ഭീകര നിയമങ്ങളാണ് യു.പി.എ സർക്കാർ യാതൊരു വീണ്ടുവിചാരവുമില്ലാതെ ധൃതിയിൽ ചുട്ടെടുത്തിരിക്കുന്നത്. ഒന്ന്, നാഷ്നൽ ഇൻവെസ്റ്റിഗേഷൻ ആക്ട്(NIA). രണ്ട്, അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് (UAPA). ഇതുവരെ പോലീസ് അന്വേഷണങ്ങൾ അതത് സംസ്ഥാനങ്ങളാണ് നടത്തിയിരുന്നത്. സംസ്ഥാനമോ കോടതിയോ ആവശ്യപ്പെട്ടാൽ മാത്രമാണ് അന്വേഷണം കേന്ദ്ര ഏജൻസിയായ സി.ബി.ഐ ഏറ്റെടുക്കുക. പുതിയ ബില്ല് (NIA) പ്രകാരം, ഏത് കേസും അമേരിക്കയിലെ എഫ്.ബി.ഐ മാതൃകയിൽ രൂപകൽപന ചെയ്തിട്ടുള്ള പുതിയ കേന്ദ്ര അന്വേഷണ ഏജൻസിക്ക് ഏറ്റെടുക്കാം. സംസ്ഥാനങ്ങളുടെയോ കോടതികളുടെയോ അനുമതി കാത്തിരിക്കേണ്ടതില്ല. പോട്ട, ടാഡ പോലുള്ള കരിനിയമങ്ങൾ സംസ്ഥാനങ്ങളാണ് ദുരുപയോഗപ്പെടുത്തിയിരുന്നതെങ്കിൽ, ദുരുപയോഗം ചെയ്യാനുള്ള അവസരം കേന്ദ്രത്തിന് കൂടി നൽകുകയാണ് പുതിയ ബില്ലെന്ന് പ്രശസ്ത നിയമജ്ഞനായ രാജീവ് ധവാൻ പറയുന്നു (Mail Today, www.itgo.in, India Today Group Online).

നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ കൊണ്ടുവന്ന നിയമമാണ് (UAPA) കൂടുതൽ അപകടകരം. ടാഡ, പോട്ട കരിനിയമങ്ങൾ കൂടുതൽ ബീഭത്സമായി ഇവിടെ പുനർജനിച്ചിരിക്കുന്നു. പിടികൂടിയ ആളെ 180 ദിവസം വരെ വിചാരണ കൂടാതെ തടവിൽ വെക്കാം. പ്രഥമ ദൃഷ്ട്യാ കേസുണ്ടെങ്കിൽ (ഏത് എഫ്.ഐ.ആറിലും അത് ഉണ്ടാക്കാവുന്നതേയുള്ളൂ) ജാമ്യം കിട്ടുകയില്ല. വിദേശികളാണെങ്കിൽ തീരെ ജാമ്യം തന്നെയില്ല (ബംഗ്ലാദേശികളെന്ന് മുദ്രകുത്തപ്പെടുന്ന മുസ്‌ലിംകൾക്കെതിരെയാവും ഇത് കൂടുതൽ ദുരുപയോഗം ചെയ്യുക). സ്ഫോടകവസ്തുക്കൾ കണ്ടെടുത്താലും ഇത്തരം വകുപ്പുകളൊക്കെ പ്രയോഗിക്കാം. ആയുധങ്ങളും വെടിക്കോപ്പുകളുമൊക്കെ പോലീസ് തന്നെ 'പ്രതി'യുടെ വീട്ടിലോ സ്ഥാപനത്തിലോ കൊണ്ട് വെക്കുന്നത് പതിവായിക്കഴിഞ്ഞ സ്ഥിതിക്ക്, ഇതിന്റെ ദുരുപയോഗ വ്യാപ്തി ഊഹിക്കാവുന്നതേയുള്ളൂ.

ചുരുക്കത്തിൽ, ഒരാളെ കുടുക്കാൻ അയാളെ വെറുതെയൊന്ന് സംശയിക്കുകയേ വേണ്ടൂ. പിന്നെ ഇപ്പറഞ്ഞ ഓരോ കരിനിയമവും വഴി വഴിയായി പ്രയോഗിക്കാം. പത്രപ്രവർത്തകർ വരെ വാർത്തയുടെ ഉറവിടമടക്കം അന്വേഷണ ഉദ്യോഗസ്ഥരോട് വെളിപ്പെടുത്തിയിരിക്കണം. അല്ലെങ്കിൽ മൂന്ന് വർഷത്തെ ജയിൽവാസം ഉറപ്പ് (സെക്. 43 F). രാജീവ് ധവാൻ തന്നെ പറയട്ടെ: "ആരെയും സംശയിക്കാം എന്നതാണ് ഈ നിയമത്തിന്റെ അടിസ്ഥാനം. സംശയാലുക്കളായ ഉദ്യോഗസ്ഥന്മാർക്ക് ഏത് പൗരനെയും സംശയത്തോടെ കാണാനുള്ള നിയമം. അങ്ങനെയൊരു സംശയാലു രാഷ്ട്രത്തിന്റെ നിർമാണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ടാഡയെയും പോട്ടയെയും വരെ മറികടന്നിരിക്കുന്നു പുതിയ നിയമം."

ദൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ലോ നെറ്റ്‌വർക്ക് എന്ന മനുഷ്യാവകാശ സംഘടനയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ കോളിൻ ഗോൺസാൽവസ്, ന്യൂനപക്ഷങ്ങളെ കൂടുതൽ അന്യവൽക്കരിക്കാനേ ഈ നിയമം ഉതകൂ എന്ന് താക്കീത് നൽകുന്നു. അടുത്ത കാലത്ത് ഇന്ത്യയിൽ നടന്ന ഭീകരവിരുദ്ധവേട്ടയുടെ മുഖ്യ ഇരകളായിരുന്നു മുസ്‌ലിംകൾ. മുസ്‌ലിം ആരാധനാലയങ്ങളിൽ വരെ ബോംബ് പൊട്ടിയാൽ സംശയിക്കുന്നത് മുസ്‌ലിം യുവാക്കളെ മാത്രം. ഈയൊരു പശ്ചാത്തലത്തിൽ പുതിയ നിയമത്തിന്റെ മുഖ്യ ഉന്നവും മുസ്‌ലിംകൾ തന്നെയാവാനേ സാധ്യതയുള്ളൂ.

**വ്യത്യാസം കണ്ടുപിടിക്കുക**




കടപ്പാട്: *ദ ഹിന്ദു* 2008 ഡിസംബർ 28

# ഗസ്സയിൽ ശിലായുഗ ജീവിതം

**ഹമാസ്** ഗവൺമെന്റിനെ അട്ടിമറിക്കുക എന്ന ലക്ഷ്യത്തോടെ ഇസ്രയേൽ അടുത്തുതന്നെ ഗസ്സക്കെതിരെ കനത്ത ആക്രമണം നടത്തിയേക്കുമെന്ന് സൂചന. “അനിവാര്യമെന്ന് കണ്ടാൽ സൈനികമായി പ്രതികരിക്കാനും ഇസ്രയേൽ മടിക്കില്ല” എന്നാണ് ഇസ്രയേലിന്റെ യു.എൻ അംബാസഡർ, യു.എൻ സെക്രട്ടറി ജനറൽ ബാൻകിമൂണിന് അയച്ച കത്തിൽ ഭീഷണിപ്പെടുത്തിയിരിക്കുന്നത്. ഖാദിമ പാർട്ടി അധികാരത്തിലെത്തിയാൽ പ്രധാനമന്ത്രിയാവാൻ സാധ്യതയുള്ള ഇപ്പോഴത്തെ വിദേശകാര്യമന്ത്രി ടിസിപ്പി ലിവ്നിയും ലികുഡ് പാർട്ടി നേതാവ് ബെഞ്ചമിൻ നെതന്യാഹുവും സൈനിക നടപടി വേണമെന്ന കടുത്ത നിലപാടിലാണ്.

ഈജിപ്ത് മധ്യസ്ഥം വഹിച്ച ഇസ്രയേൽ-ഹമാസ് സമാധാനക്കരാറിന്റെ ആറു മാസത്തെ കാലാവധി തീർന്ന ഉടൻ തന്നെ ഇസ്രയേൽ ഗസ്സയിൽ വ്യോമാക്രമണം നടത്തുകയുണ്ടായി. കരാർ നിലനിൽക്കെതന്നെ 195 വ്യോമാക്രമണങ്ങളിലായി ഇസ്രയേൽ 22 ഫല




സ്ത്വീനികളെ വധിച്ചിരുന്നു. ഇസ്രയേൽ റെയ്ഡ് ശക്തമാക്കിയതോടെ ഫലസ്ത്വീൻ പോരാളികൾ ഇസ്രയേൽ അതിർത്തിയിലേക്ക് ഏതാനും റോക്കറ്റുകളും മോർട്ടാർ ഷെല്ലുകളും തൊടുത്തുവിട്ടു. തങ്ങൾ സ്വയം പ്രതിരോധിക്കുക മാത്രമായിരുന്നുവെന്നാണ് പോരാളികളുടെ വിശദീകരണം. ഇത് പൊലിപ്പിച്ചു കാട്ടിയാണ് ഇസ്രയേൽ ഒരു സൈനിക ആക്രമണത്തിന് കോപ്പു കൂട്ടുന്നത്. യുദ്ധം മാർക്കറ്റു ചെയ്യാൻ ഇസ്രയേൽ വിവിധ ലോക വേദികളിൽ ഊർജിത നയതന്ത്രപ്രചാരണം ആരംഭിച്ചതായി ഇസ്രയേൽ പത്രമായ *ഹാരേറ്റ്സ്* റിപ്പോർട്ട് ചെയ്യുന്നു.

അതിനിടെ എല്ലാവിധ അന്താരാഷ്ട്ര നിയമങ്ങളും കാറ്റിൽ പറത്തി ഇസ്രയേൽ ഗസ്സക്ക് ചുറ്റുമുള്ള ഉപരോധം ശക്തമാക്കി. ഭക്ഷണവും ഇന്ധനവും മരുന്നും വൈദ്യുതിയുമില്ലാതെ ഈ കൊച്ചു ഭൂപ്രദേശം പട്ടിണിമരണത്തിലേക്ക് നീങ്ങുകയാണെന്ന് രാഷ്ട്രീയ നിരീക്ഷകർ മുന്നറിയിപ്പ് നൽകുന്നു. പുല്ലും പച്ചിലയും കഴിച്ചാണ് പലരും ജീവൻ നിലനിർത്തുന്നത്. വൈദ്യുതിയും ഇന്ധനവും ഇല്ലാത്തതിനാൽ ഒരുതരം ശിലായുഗ ജീവിതമാണ് ഗസ്സക്ക്മേൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നത്.

മുദ്രകൾ

## ഭീകരതക്കെതിരെ ഇമാമുമാരും റബ്ബികളും

**അറബ്-ഇസ്രയേൽ** സംഘർഷം കാരണം പരസ്പരം അകന്നുപോയ സമുദായങ്ങളാണ് മുസ്‌ലിംകളും ജൂതന്മാരും. അവർ ഒന്നിച്ചിരിക്കുന്ന വേദികൾ വളരെ അപൂർവം. ഇതിനൊരു അപവാദമാണ് ജനീവ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹോം ഡി പരോൾ എന്ന സംഘടന നടത്തിവരാറുള്ള ‘ഇമാമുമാരുടെയും റബ്ബികളുടെയും സമാധാനത്തിനായുള്ള ഒത്തുചേരൽ.’ ഇത്തവണ പാരീസിലായിരുന്നു അവർ സമ്മേളിച്ചത്. “തീവ്രവാദികൾ ഞങ്ങളിൽ നിന്ന് കട്ടെടുത്ത ദൈവത്തിന്റെ വചനം തിരിച്ചു പിടിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.” ഹോം ഡി പരോളിന്റെ തലവൻ അലൻ മിഷൽ പറഞ്ഞു.



ഭീകരതയെ ചെറുക്കാൻ 2005ലാണ് മുസ്‌ലിം പണ്ഡിതന്മാരുടെയും ജൂത പുരോഹിതന്മാരുടെയും കൂട്ടായ്മയായ ‘വേൾഡ് കോൺഗ്രസ് ഓഫ് ഇമാംസ് ആൻഡ് റബ്ബീസ് ഫോർ പീസ്’ നിലവിൽ വന്നത്. ഇത്തവണ ഇസ്രയേൽ, ഫലസ്ത്വീൻ, അറബ് നാടുകൾ, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിൽനിന്നായി 85 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കുകൊണ്ടു. സംഘാടനത്തിൽ യുനസ്കോയും പങ്കാളിയാണ്. കഴിഞ്ഞ മാസം സെമിറ്റിക് വിരുദ്ധതക്കും ഇസ്‌ലാമോഫോബിയക്കും എതിരായി ഒരു ടി.വി പരസ്യം അമേരിക്കയിൽ ഇവർ സംപ്രേഷണം ചെയ്തിരുന്നു. ഒന്നിച്ച് പ്രവർത്തിക്കാനുള്ള വേദികളായി 50 പള്ളികളും 50 സിനഗോഗുകളും തെരഞ്ഞെടുക്കുകയും ചെയ്തു.

2005-ൽ ബ്രസ്സൽസിലും 2006-ൽ സെവില്ലയിലുമായിരുന്നു വേൾഡ് കോൺഗ്രസ് സമ്മേളിച്ചിരുന്നത്. രാഷ്ട്രീയ ഭിന്നതകൾ കാരണമായി ഈ സമ്മേളനങ്ങളിൽ ഒരു പൊതു പ്രമേയം പാസാക്കിയെടുക്കാൻ കഴിഞ്ഞിരുന്നില്ല. പാരീസിലും അതു തന്നെ സംഭവിച്ചു. ഇസ്രയേലിന്റെ യുനസ്കോ അംബാസഡർ ‘തീവ്രവാദികളെ പുറത്തു ചാടിച്ചെങ്കിലേ ഇസ്രയേലിന്റെ സുരക്ഷ ഉറപ്പു വരുത്താനാവൂ’ എന്ന് പറഞ്ഞതോടെ, ഭാവി ഫലസ്ത്വീനിന്റെ തലസ്ഥാനമായി അൽഖുദ്സ് തന്നെ വേണമെന്ന് ഫലസ്ത്വീൻ പ്രതിനിധി തിരിച്ചടിച്ചു. വാഗ്വാദങ്ങളായി. ‘സമാധാനത്തിന്റെ പ്രതിനിധികൾ’ തമ്മിൽ തന്നെ ഒരു സമാധാനക്കരാർ വേണ്ടിവരുമോ എന്ന് ഒരു പത്രപ്രതിനിധി ചോദിച്ചപ്പോൾ, തുറന്നു പറയൽ അജണ്ടക്കെതിരല്ലെന്നും അജണ്ടയുടെ ഭാഗമാണെന്നുമായിരുന്നു സംഘാടകരുടെ മറുപടി.